<u>**15 -ാം കേരള നിയമസഭ**</u>

<u>**11 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6516**</u> <u>**10-07-2024 - ൽ മറുപടിയ്ക്ക്**</u>

<u>**ബാർബർ ഷോപ്പ് നവീകരിക്കുന്നതിന് സഹായം**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പരമ്പരാഗത ബാർബർ തൊഴിലാളികൾക്ക് ബാർബർ ഷോപ്പ് നവീകരിക്കുന്നതിന് വകുപ്പ് സഹായം നൽകുന്നുണ്ടോ;എങ്കിൽ ഗുണഭോക്തൃ മാനദണ്ഡം വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ പിന്നാക്ക വിഭാഗത്തിൽപ്പെട്ട (ഒ.ബി.സി) പരമ്പരാഗത ബാർബർ തൊഴിലാളികൾക്ക് ബാർബർ ഷോപ്പ് നവീകരിക്കുന്നതിനായി പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിന്നും 2 ഗഡുക്കളായി ആകെ 25,000/- രൂപ വ്യക്തിഗത ധനസഹായം അനുവദിച്ചു വരുന്നുണ്ട്. ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട 60 വയസ്സിന് താഴെയുള്ള കുടുംബ വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ അധികരിക്കാത്തവർക്കാണ് ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ളത്. |
| (ബി) | കഴിഞ്ഞ സാമ്പത്തിക വർഷം എത്ര ഗുണഭോക്താക്കൾക്കാണ് സഹായം നൽകിയതെന്ന് വ്യക്തമാക്കുമോ? | (ബി) | 2023-24 സാമ്പത്തിക വർഷം 193 ഗുണഭോക്താക്കൾക്ക് ഈ പദ്ധതി പ്രകാരം ധനസഹായം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ